**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3405** **14-07-2022 - ൽ മറുപടിയ്ക്ക്**

**കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷി ഭവനുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ; | (എ) | കൃഷി ഭവനുകൾ ത്രിതല പഞ്ചായത്തിനു കൈമാറിയിട്ടുള്ളതിനാൽ അടിസ്ഥാന സൗകര്യ വികസനം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൃഷിഭവനുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 'സ്മാർട്ട് കൃഷിഭവൻ' എന്ന പദ്ധതിയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ 14 കൃഷിഭവനുകളെ RIDF പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷിഭവനുകളാക്കുന്നതിനുള്ള നടപടികളാണ് കൈക്കൊള്ളുക. സംസ്ഥാനത്ത് 28 കൃഷിഭവനുകളെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് കൃഷിഭവനാക്കുന്നതിനും ലക്ഷ്യമിടുന്നു.<br><br>കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സേവനങ്ങൾ കാര്യക്ഷമമായും സുതാര്യമായും കർഷകരുടെ വിരൽത്തുമ്പിൽ എത്തിക്കുന്നതിനാണ് 'സ്മാർട്ട് കൃഷിഭവൻ' പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കർഷക സമൂഹത്തിന്റെ എല്ലാ ആവശ്യങ്ങളും ഏകജാലക സംവിധാനത്തിൽ നിറവേറ്റുന്നതിനായി കൃഷിഭവനെ സ്മാർട്ട് കൃഷി ഭവനാക്കി മാറ്റുക എന്നതാണ് ലക്ഷ്യമിടുന്നത്. സർവ്വീസ് ഡെലിവറി, അടിസ്ഥാന സൗകര്യങ്ങൾ, ഇൻഫർമേഷൻ സിസ്റ്റം എന്നിങ്ങനെ മൂന്നു മേഖലകളിൽ കൃഷിഭവനെ മികച്ചതാക്കുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. |
| (ബി) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം കൃഷി ഭവനുകളെയാണ് സ്മാർട്ട് കൃഷി ഭവനുകളാക്കി ഉയർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ നിന്നും മാടപ്പള്ളി കൃഷിഭവനെയാണ് സ്മാർട്ട് കൃഷി ഭവനാക്കുന്നതിനായി കോട്ടയം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശിപാർശ ചെയ്തിട്ടുള്ളത്. സ്മാർട്ട് കൃഷി ഭവനുകളാക്കുന്ന കൃഷിഭവനുകളുടെ ലിസ്റ്റ് സർക്കാർ തലത്തിൽ അന്തിമമാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ